**വികസനത്തിന്റെയല്ല പീഡനത്തിന്റെയും അധികാര ദുർവിനിയോഗത്തിന്റെയും അഴിമതിയുടെയും കഥയാണ് നെടുമ്പാശ്ശേരി വിമാനത്താവളത്തിന് പറയാനുള്ളതെന്ന് ഏല്യാസ്**

# നെടുമ്പാശ്ശേരിയിലെ കുടിയൊഴിപ്പിക്കൽ ക്രൂരത

**കഴിഞ്ഞമാസം** കേരളീയത്തിൽ നെടുമ്പാശ്ശേരി എയർപോർട്ടിനെക്കുറിച്ച് എഴുതിയത് വായിക്കുകയുണ്ടായി. എന്നാൽ 1997 ഡിസംബർ 8സമയം രാവിലെ 11 മണിക്ക് സംഭവിച്ച പ്രധാന സംഭവം വിശദമായി എഴുതിക്കണ്ടില്ല.

നെടുമ്പാശ്ശേരിയിൽ ആവണംകോട് എന്ന സ്ഥലത്ത് രാവിലെ 11 മണിക്ക് ഒരു വലിയ വണ്ടി പോലീസ് വന്നതിനു ഏതാനും സമയത്തിനുള്ളിൽ റവന്യൂ ഉദ്യോഗസ്ഥരും ബുൾഡോസറും വന്നു. എയർപോർട്ട് ഉദ്യോഗസ്ഥർ പറയുന്നതനുസരിച്ച് റവന്യൂ ഓഫീസർമാർ 13 വീടുകൾ ഇടിച്ചു നിരത്തുവാൻ നിർദ്ദേശം നൽകുകയാണുണ്ടായത്. മന്ദബുദ്ധിയായ സഹോദരനുൾപ്പെടെ താമസിക്കുന്ന വർഗ്ഗീസിന്റെ വീട് ഇടിച്ചുനിരത്താൻ ചെന്നപ്പോൾ സ്ഥിരബുദ്ധിയില്ലാത്ത കുട്ടി കഞ്ഞികുടിച്ചുകൊണ്ടിരിക്കുകയായിരുന്നു. കഞ്ഞികുടിച്ചു നിർത്തുവാൻപോലും സമ്മതിക്കാതെ ഉടുതുണി ഉൾപ്പെടെ യാതൊരു വസ്തുക്കളും എടുക്കാൻ സമ്മതിക്കാതെ ബലമായി വണ്ടിയിൽ കയറ്റി വീട് ബുൾഡോസർകൊണ്ട് ഇടിച്ചു നിരത്തുകയാണ് ചെയ്തത്.

## വർഗ്ഗീസ് പറയുന്നത്

1997 ഡിസംബർ 8 ന് പോലീസ് അകമ്പടിയോടെ ഉദ്യോഗസ്ഥരെത്തി എല്ലാവരെയും അറസ്റ്റ് ചെയ്ത് പോലീസ് വാഹനങ്ങളിലാക്കി. പിന്നെ രണ്ട് ബുൾഡോസർ കൊണ്ട് 13 വീടുകൾ ഇടിച്ചു നിരത്താൻ തുടങ്ങി. പ്രതികരിക്കാൻ ശേഷിയില്ലാതെ എല്ലാവരും മരവിച്ചുപോയി. ചിലർ തലകറങ്ങിവീണു. വൈകുന്നേരം 6 മണിയായപ്പോഴേക്കും ബുൾഡോസറുകൾ വീടുകൾ ഇടിച്ചു നിരത്തിക്കഴിഞ്ഞു. ഞങ്ങളെ പോലീസ് വണ്ടിയിൽ നിന്നും ഇറക്കി വിടാനായി ഉദ്യോഗസ്ഥർ പറഞ്ഞു. രാവിലെ അറസ്റ്റ് ചെയ്തുവെന്ന് പറഞ്ഞ് വണ്ടിയിൽ കയറ്റിയ പോലീസുകാർ തന്നെ പറയുന്നു ആരേയും അറസ്റ്റ് ചെയ്തിട്ടില്ലെന്ന്. അപ്പോഴേക്കും അവിടെ കൂടിയ ജനങ്ങൾ അറസ്റ്റ് ചെയ്തവരെ സ്റ്റേഷനിലേക്ക് കൊണ്ടുപോകണമെന്ന് സമ്മർദ്ദം ചെലുത്തിയതോടെ എല്ലാവരേയും ചെങ്ങമനാട് സ്റ്റേഷനിലേക്ക് കൊണ്ടുപോയി.സ്റ്റേഷനിൽ ചെന്നിട്ടു ആരെയും അറസ്റ്റ് ചെയ്തില്ല എന്ന നിലപാടായിരുന്ന പോലീസുകാർ പിന്നീട് എല്ലാവരെയും തിരികെ കൊണ്ടാക്കി. വീടുകളുടെ അവശിഷ്ടങ്ങൾ അവിടവിടെ ചിതറിക്കിടക്കുന്നുണ്ടായിരുന്നു. ഈ രാത്രിയിൽ തന്നെ കളക്ടറുടെ ക്യാമ്പുഹൗസിൽ കുത്തിയിരിപ്പു ധർണ്ണനടത്തി. കളക്ടറുടെ നിർദ്ദേശപ്രകാരം എറണാകുളം പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി. വികസനത്തിനുവേണ്ടി ഭൂമി ഒഴിയേണ്ടിവരുന്നവർക്ക് ഒരുതരത്തിലും നീതി ലഭിക്കില്ല എന്ന് 1997 ഡിസംബർ മാസം 8-ാം തിയതി രാത്രി പതിനൊന്നരയോടെ ഞങ്ങൾക്ക് മനസ്സിലായപ്പോൾ തീരാത്ത ദു:ഖവുംപേറി തിരികെ പോന്നു. പല പത്രപ്രമുഖർക്കും ഇതൊരു വാർത്തയേ ആയില്ല വികസനത്തിനുള്ള ഒരു നടപടി മാത്രമായിരുന്നു അവർക്കിത്.

വീടും സ്ഥലവും നഷ്ടപ്പെട്ട എല്ലാവർക്കും പുനരധിവാസത്തിന് ആറുസെന്റ് ഭൂമിയ്ക്കും വീടു പൊളിച്ചു കൊണ്ടുപോകാൻ പതിനായിരം രൂപയുടെ നഷ്ടപ്പെട്ട തുകയ്ക്ക് പുറമെ നൽകും എന്നാണ് പുനരധിവാസത്തിന്റെ ഉറപ്പ്. കുടിയൊഴിപ്പിക്കപ്പെട്ടവർ കോടതികളിൽ പോയത് പ്രധാനമായും സ്ഥലത്തിന് കൂടുതൽ വില കിട്ടണം എന്ന ആവശ്യപ്പെട്ടായിരുന്നു.

എന്തായാലും ഞങ്ങൾക്കും പുനരധിവാസത്തിനാവശ്യമായ 6 സെന്റ് സ്ഥലത്തിനും മറ്റ് ആനുകൂല്യങ്ങൾക്കും അർഹതയുണ്ട്. ഇക്കാര്യത്തിൽ ഹൈക്കോടതി അഭിപ്രായം പറയുകയും ചെയ്തിട്ടുണ്ട്. എം.എൽ.എ എം.പിമാരുടെയുമൊക്കെ ആനുകൂല്യങ്ങൾ നിയമസഭയിലും പാർളമെന്റിലും പാസ്സാക്കാൻ അഞ്ച് മിനിട്ടുപോലും ആവശ്യമില്ല എന്ന കാര്യം നാം ഓർക്കേണ്ടതുണ്ട്.


**മാങ്ങോത്സവം**

2011 മെയ് 4,5,6 തീയതികളിൽ
തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ
രാസ-കീടനാശിനികളില്ലാത്ത മാങ്ങാവിഭവങ്ങളുടെയും
മറ്റ് ഉത്പന്നങ്ങളുടെയും പ്രദശനവും വിൽപ്പനയും
ബന്ധങ്ങൾക്ക്: 9349036439

ഹിംസയില്ലാത്ത കാരുണ്യപൂർണ്ണമായ ഈസ്റ്റർ
ലക്ഷക്കണക്കിന് മിണ്ടാപ്രാണികളെ കൊന്നും കൊന്നുതിന്നും
ആചരിക്കുന്ന മനുഷ്യർക്ക് സർവ്വഭൂതദയയും ആത്മീയതയും
ഉണരാൻ പ്രാർത്ഥിച്ചുകൊണ്ട് **സത്സംഗം**
ഏപ്രിൽ 22ന് രാവിലെ 10 മുതൽ 1 വരെ
എറണാകുളം പബ്ലിക് ലൈബ്രറിക്ക് സമീപമുള്ള
കെ.എസ്.ഇ.ബി ഹാളിൽ. ബന്ധങ്ങൾക്ക്: 9447307115

**നവജനാധിപത്യ പ്രസ്ഥാനം ക്യാമ്പ്**
ഏപ്രിൽ 30, മെയ് 1. വെള്ളൂർ (പിറവം റോഡ്)
ജനാധിപത്യം, ഭൂമി, സൈബർ ലോകം, സ്ത്രീ, ജനകീയ
പ്രസ്ഥാനങ്ങൾ, സാമ്പത്തികപ്രശ്നങ്ങൾ
ബന്ധങ്ങൾക്ക്: 9847036356

**ബുദ്ധപൂർണ്ണിമ**
മെയ് 17, വൈശാഖ പൗർണ്ണമി സന്ധ്യക്ക്
പൊന്നൂക്കരയിലെ ഗ്രീൻഹോമിൽ
ദീപോഭവ: ബുദ്ധകഥകൾ മൗനമന്ദഹാസം
അന്നം ബ്രഹ്മ: നിലാവിലേക്ക്
ബന്ധങ്ങൾക്ക്: 9895148998